## Accountancy with Computerised Accounting

## പ്രായോഗിക പരീക്ഷ (Practical Examination) മാർഗ്ഗനിർദ്ദേശങ്ങൾ – March 2021

ഹയർ സെക്കന്ററി രണ്ടാം വർഷം അക്കൗണ്ടൻസി വിത്ത് കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് വിഷയത്തിന്റെ 2021 മാർച്ച് പൊതുപരീക്ഷയുടെ ഭാഗമായി നടക്കുന്ന പ്രായോഗിക പരീക്ഷയ്ക്കുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

1. പ്രായോഗിക പരീക്ഷയുടെ പരമാവധി സ്കോർ 40 ആണ്.
2. പ്രായോഗിക പരീക്ഷക്ക് പരമാവധി 6 ചോദ്യങ്ങൾ നൽകുകയും അതിൽ നിന്നും വിദ്യാർത്ഥികൾ അവർക്കിഷ്ടമുള്ള 2 ചോദ്യങ്ങൾ തിരഞ്ഞെടുത്ത് നിർദ്ധാരണം ചെയ്യേണ്ടതുമാണ്.
3. എല്ലാ ചോദ്യങ്ങൾക്കും തുല്യ സ്കോർ നൽകേണ്ടതാണ്. പ്രായോഗിക പരീക്ഷ മൂല്യനിർണയം നടക്കുമ്പോൾ ഓരോ ചോദ്യത്തിന്റെ ഉത്തരത്തിനും നൽകിയിരിക്കുന്ന 16 സ്കോറിൽ 10 സ്കോർ വിദ്യാർത്ഥി എഴുതിയ പ്രക്രിയ വിശദീകരണത്തിനും (Procedure), 6 സ്കോർ ലാബ് പ്രവർത്തനത്തിനുമായി (Output) നൽകേണ്ടതാണ്. വാചിക പരീക്ഷയ്ക്ക് പരമാവധി 4 സ്കോറും ലാബ് പ്രവർത്തനങ്ങളുടെ രേഖപ്പെടുത്തലിന് പരമാവധി 4 സ്കോറും നൽകാവുന്നതാണ്.
4. പ്രാക്ടിക്കൽ രേഖപ്പെടുത്തൽ ബുക്കിൽ പ്രായോഗിക പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങളായി ചുവടെ നൽകിയിരിക്കുന്നവ ഉൾപ്പെടുത്തേണ്ടതാണ്.

5. പ്രായോഗിക പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങൾ

Unit 2 - Spread Sheet
- (1) Statistical Functions - (COUNT, COUNTA, COUNTBLANK, COUNTIF)
- (2) Mathematical Functions - (SUM, SUMIF, ROUND, ROUNDUP)

Unit 3 - Use of spread sheet in business application
- (3) Payroll Accounting

Unit 4 - Graphs and charts for business data
- (4) Bar chart

Unit 5 - Accounting software package
- (5) GNUKhata – Preparation of Profit and Loss account (from transactions)

Unit 6 - Data Base Management System
- (6) Creation of Table in Design view